**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5705** **18.11.2019 - ൽ മറുപടിക്ക്.**

## മുൻഗണനാ റേഷൻകാർഡ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ടി. വി. രാജേഷ് :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** കണ്ണൂർ ജില്ലയിൽ പുതുതായി റേഷൻകാർഡ് ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; | **(എ)** 53,722 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. |
| **(ബി)** പുതുതായി റേഷൻകാർഡ് അനുവദിക്കുമ്പോൾത്തന്നെ അർഹതപ്പെട്ടവർക്ക് മുൻഗണനാ റേഷൻ കാർഡ് നൽകാൻ കഴിയാത്തതെന്തുകൊണ്ട് എന്നറിയിക്കാമോ; | **(ബി)** മുൻഗണനാ വിഭാഗത്തിന്റെ എണ്ണം കേന്ദ്രസർക്കാർ നിജപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ, അപേക്ഷ കൾ പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി അർഹതപ്പെട്ടവരെ ഉൾപ്പെടുത്തുന്ന മുൻഗണനാ സാധ്യത പട്ടികയിൽ നിന്നും ക്രമമനുസരിച്ച്, ഉൾപ്പെടുത്തി വരുന്നു. ആയതിനാലാണ് പുതിയ കാർഡ് അനുവദിക്കു മ്പോൾ തന്നെ അർഹതപ്പെട്ടവർക്ക് മുൻഗണനാ റേഷൻ കാർഡ് നൽകുവാൻ കഴിയാതെ പോകുന്നത്. ഇത്തരത്തിലുള്ള മാറ്റങ്ങൾ NIC കൈകാര്യം ചെയ്യുന്ന ഡാറ്റാ ബേസിൽ ഉൾപ്പെടുത്തേണ്ടതുമുണ്ട്. |
| **(സി)** മുൻഗണനാ കാർഡുകളിലെ അംഗങ്ങളെ വേർപെടുത്തി പുതിയ കാർഡു നൽകുമ്പോൾ മുൻഗണനാ കാർഡ് നൽകാൻ കഴിയുമോ, വിശദമാക്കാമോ? | **(സി)** മുൻഗണനാ കാർഡുകളിലെ അംഗങ്ങളെ വേർപ്പെടുത്തി പുതിയ കാർഡ് നൽകുമ്പോൾ മുൻഗണനാ കാർഡും പൊതുവിഭാഗം കാർഡിൽ നിന്ന് അംഗങ്ങളെ മാറ്റി പുതിയ കാർഡ് അനുവദിക്കുമ്പോൾ പൊതുവിഭാഗം കാർഡും ലഭ്യമാക്കുന്ന അവസരത്തിൽ അപാകതയുണ്ടാ കാൻ സാധ്യതയുള്ളതിനാൽ പുതിയ കാർഡ് അനുവദിക്കുമ്പോൾ, പ്രത്യേകിച്ച് മുൻഗണനാ കാർഡാണെങ്കിൽ വ്യക്തമായ പരിശോധന നടത്തി അർഹത ഉറപ്പ് വരുത്തി മാത്രമേ കാർഡ് അനുവദിക്കാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**